# First Terminal Evaluation 2024-2025

## മാതൃകാചോദ്യപേപ്പർ -1

STD: 7 അടിസ്ഥാനപാഠാവലി

Std:7 ( Unit-1) Time: $1_{1/2}$ Hrs

Score:25

**നിർദ്ദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയം ആണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തെരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കണം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കി വേണം ഉത്തരം എഴുതാൻ ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം ഇവ പരിഗണിക്കണം.
- താഴെ തന്നിട്ടുള്ള 6 പ്രവർത്തനങ്ങളിൽ 5 പ്രവർത്തനം എഴുതിയാൽ മതി പ്രവർത്തനം–1 നിർബന്ധമായും എഴുതേണ്ടതാണ്.

പ്രവർത്തനം-1

ഖണ്ഡികവായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

"ഊർജ്ജത്തിന്റെ നല്ല ഉറവിടമായ കൂർക്കയിലെ കാർബോഹൈഡ്രേറ്റിന്റെ തോത് ഏതാണ്ട് ഉരുളക്കിഴങ്ങിന് സമാനമാണ്. കൂർക്ക നല്ല ചൂടും ഈർപ്പവുമുള്ള സ്ഥലങ്ങളിൽ വളരുന്നു. വളർച്ചയിലുടനീളം നല്ല മഴ ഇതിന് ആവശ്യമാണ്. ഇതിന് വരൾച്ചയെ ഒട്ടും തന്നെ ചെറുത്തുനിൽക്കാനുള്ള ശക്തിയില്ല. മഴ കിട്ടിയില്ലെങ്കിൽ നല്ല വളർച്ചയ്ക്ക് നന്നായി നനച്ചുകൊടുക്കേണ്ടത് അത്യാവശ്യമാണ്. കൂർക്ക സാമാന്യം വളക്കൂറുള്ള, നല്ല നീർവാർച്ചയുള്ള പ്രദേശങ്ങളിൽ വളരുന്നു. മണ്ണിൽ ചെളിയുടെ അംശം കൂടിയാൽ കിഴങ്ങുകളുടെ ഉല്പാദനത്തിനും വളർച്ചയ്ക്കും തടസ്സമാകും."

(കേരളകർഷകൻ
ഓഗസ്റ്റ് 2024)

a) കൂർക്കയിലെ ഊർജ്ജസ്രോതസ്സ് ഏതാണ്?

(പ്രോട്ടീൻ, കാർബോഹൈഡ്രേറ്റ്, വിറ്റാമിൻ D, അന്നജം)

b) കൂർക്ക എവിടെയാണ് വളരുന്നത്?

(മഴയുള്ള പ്രദേശങ്ങളിൽ, ചൂടുകൂടിയ പ്രദേശങ്ങളിൽ, ചൂടും ഈർപ്പവുമുള്ള സ്ഥലങ്ങളിൽ, മഴപെയ്യാത്ത സ്ഥലങ്ങളിൽ)

c) "മഴ കിട്ടിയില്ലെങ്കിൽ കൂർക്കയ്ക്ക് നല്ല വിളവ് ഉണ്ടാവുകയില്ല"- ഈ പ്രസ്താവന?

(ശരിയാണ്, ഭാഗികമായി ശരിയാണ്, തെറ്റാണ്, ഭാഗികമായി തെറ്റാണ്)

d) മഴ കിട്ടാത്ത സാഹചര്യത്തിൽ എന്തു ചെയ്യണം?

(കൃഷിസ്ഥലം മാറ്റണം, കൂർക്കയല്ലാത്ത മറ്റു വിളകൾ നടാം, നനച്ചുകൊടുക്കണം)

e) കൂർക്കയുടെ ഉല്പാദനത്തിലും വളർച്ചയ്ക്കും തടസ്സം നിൽക്കുന്നതെന്ത്?

(രാസവളകൾ, വരൾച്ച, ചെളിയുടെ അംശം,അശാസ്ത്രീയ കൃഷിരീതിയിൽ) (5)



## <u>പ്രവർത്തനം- 2</u>

ചിത്രം നോക്കി കുറിപ്പ് തയ്യാറാക്കുക

ചിത്രം– കുമ്മാട്ടി

സൂചനകൾ–

(തൃശ്ശൂർ ജില്ലയിലും പരിസര പ്രദേശങ്ങളിലും, മെടഞ്ഞപുല്ല്, മുഖാവരണം, വാഴ്ച്ചപ്പ്, ദൈവാധീനത്തിനായി നമിക്കുന്നു, ഏകതാളത്തിൽ കൊട്ടുന്നു, ആർപ്പു വിളിക്കുന്നു)

(5)

## <u>പ്രവർത്തനം- 3</u>

കർഷകരുടെ സഹായത്തോടെ സ്കൂളിൽ ഒരു കാർഷികോത്സവം സംഘടിപ്പിക്കുക ഗ്രാമോത്സവമായി ഈ കാർഷികോത്സവത്തെ ജനകീയമാക്കാൻ നോട്ടീസ് പ്രചരിപ്പിക്കേണ്ടതുണ്ട്. അതിനായി കാര്യപരിപാടികൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു നോട്ടീസ് തയ്യാറാക്കുക.


(4)

a) "സുന്ദരാലേഖ്യം നീ കേരളമേ"– സുന്ദരാലേഖ്യം എന്ന വാക്കിൻെറ അർത്ഥമെന്താണ്?

(മനോഹരം, ഒരുചിത്രം, മനോഹരമായി വരച്ച ഒരു ചിത്രം, ഭൂപടം,) (1)

## <u>പ്രവർത്തനം- 4</u>

നെൽവിത്തിനങ്ങൾ കൊണ്ട് നിർമ്മിച്ച പദസൂര്യൻ നോക്കൂ ഈ നെൽവിത്തിനങ്ങൾ ചേർത്ത് ഒരു പൊലിപ്പാട്ട് ഉണ്ടാക്കണം മാതൃക നോക്കി പൂരിപ്പിച്ചാൽ പൂരിപ്പിച്ചാൽ മതി.



## പൊലിപ്പാട്ട്

മുണ്ടകൻ വിത്തു പൊലിക പൊലി

മുണ്ടകൻ വിത്തു പൊലിക

.............................................................................................

.......................................................................................

(5)

## പ്രവർത്തനം- 5

" അധികം വിളഞ്ഞാൽ വിത്തിനാകാ"

എന്ന പഴഞ്ചൊല്ല് കേട്ടിട്ടുണ്ടല്ലോ!

കൃഷിയുമായി ബന്ധപ്പെട്ട ഒരു ചെറിയ ചിത്രം വരച്ച് ഇതുപോലെയുള്ള പഴഞ്ചൊല്ലുകൾ ചേർത്തെഴുത്തി "കൃഷിച്ചൊല്ലുകൾ/ പഴമൊഴിപ്പത്തായം" എന്നിവയിൽ ഏതെങ്കിലും ഒരു ശീർഷകം കൊടുത്ത് ഒരു പോസ്റ്റർ നിർമ്മിക്കൂ.

(5)

## പ്രവർത്തനം- 6

താഴെയുള്ള പട്ടിക ശ്രദ്ധിക്കൂ. കുമ്മാട്ടിയുമായി ബന്ധമില്ലാത്ത പദങ്ങൾ മാറ്റി പട്ടിക വീണ്ടും തയ്യാറാക്കൂ.

(വിനോദകല, പന്നിമറച്ചിൽ, വിളവെടുപ്പ്, ഗ്രാമീണവീഥികൾ, മുഖാവരണം)

| കുമ്മാട്ടി | |
|---|---|
| • ദേശോത്സവം | • ചിത്രശലഭങ്ങൾ |
| • തള്ള | • വാഴച്ചപ്പ് |
| • ഓണം | • ആർപ്പുവിളിക്കുക |
| • ആഞ്ജനേയൻ | • ദൈവാധീനം |
| • പൊറാട്ട് വേഷങ്ങൾ | • തൃശ്ശൂർ |
| • ദശപുഷ്പങ്ങൾ | • തിരിയുഴിച്ചിൽ |
| • പാർപ്പടകപ്പുല്ല് | • മൃദുമന്ത്രണം |
| • മഴക്കാട് | • പുഴയോരം |

(5)

# First Terminal Evaluation 2024-2025

## മാതൃകാചോദ്യപേപ്പർ -2

STD:7 അടിസ്ഥാനപാഠാവലി Time: 1 1/2 Hrs
Score:25

**നിർദ്ദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയം ആണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തെരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കണം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കി വേണം ഉത്തരം എഴുതാൻ ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം ഇവ പരിഗണിക്കണം.
- താഴെ തന്നിട്ടുള്ള 6 പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം ആകെ 5 പ്രവർത്തനങ്ങൾ എഴുതേണ്ടതാണ്

പ്രവർത്തനം1

“നെൽപ്പാടങ്ങളിൽ ഡ്രോൺ ഉപയോഗിച്ച് വിത നടത്തുന്നതിനുള്ള പരീക്ഷണം കേരളസർവ്വകലാശാലയുടെ കീഴിലുള്ള മങ്കൊമ്പ് നെല്ലുഗവേഷണകേന്ദ്രത്തിൻെറ ആഭിമുഖ്യത്തിൽ ചമ്പക്കുളം കൃഷിഭവൻ പരിധിയിലുള്ള ചെമ്പടി– ചക്കങ്കരി പാടശേഖരത്തിൽ നടത്തുകയുണ്ടായി. കുമരകം കാർഷിക വിജ്ഞാന കേന്ദ്രത്തി ൻേറതാണ് പരീക്ഷണത്തിനുപയോഗിച്ച ഡ്രോൺ ഒരേക്കർ നിലം വിതയ്ക്കുന്നതിന് 30 കിലോ ഗ്രാം വിത്താണ് ഉപയോഗിച്ചത്. വിത പൂർത്തിയാക്കുന്നതിന് 25 മിനിട്ട് സമയം എടുത്തു.

ഡ്രോൺ ഉപയോഗിച്ച് സാധാരണ വളങ്ങളും കീടനാശിനികളും തളിക്കാറുണ്ടെങ്കിലും വിത്ത് വിത നടത്തിയുള്ള പരീക്ഷണം ആദ്യമാണ്. വിതയിൽ വിത്ത് ചവിട്ടി താഴ്ത്തുന്നില്ല എന്നുള്ളതും മണ്ണിലെ പുളിരസം ഇളക്കാതെ വിതയ്ക്കാമെന്നതും ഗുണമേന്മയാണ്. കൃത്യമായ അകലത്തിൽ വിതയ്ക്കാൻ കഴിയുന്നതിനാൽ നെൽച്ചെടികൾ തിങ്ങിനിറഞ്ഞു വിളവ് കുറയുന്നത് ഒഴിവാക്കാനുമാകും.

(കേരളകർഷകൻ 2024 ആഗസ്റ്റ്)

1. ഈ ലേഖനത്തിന് ഉചിതമായ ശീർഷകം ഏതായിരിക്കും?
   a) വിതയ്ക്കുന്ന രീതിയിലെ മാറ്റങ്ങൾ
   b) നെൽകൃഷി നൂതനമാറ്റത്തിലേക്ക്
   c) ഡ്രോൺ ഉപയോഗിച്ചുള്ള വിതപരീക്ഷണം
   d) കൃഷിയിൽ നൂതനസാങ്കേത്തിക വിദ്യ

2. ഏത് കൃഷിഭവന്റെ പരിധിയിലാണ് പാടശേഖരത്തിലാണ് വിതപരീക്ഷണം നടന്നത്?

a) അമ്പലപ്പുഴ

b) ചമ്പക്കുളം

c) ചെമ്പടി

d) ചക്കങ്കരി

3. പരീക്ഷണത്തിനുപയോഗിച്ച ഡ്രോൺ ഏത് കാർഷിക വിജ്ഞാന കേന്ദ്രത്തിന്റേതാണ്?

a) ചമ്പക്കുളം

b) കുമരകം

c) ഹരിപ്പാട്

d) കൈനകരി

4. ഡ്രോൺ ഇതുവരെ ഉപയോഗിച്ചത് എന്തിനായിരുന്നു?

a) പാടശേഖരങ്ങളുടെ വിസ്തൃതി അളക്കാൻ

b) കീടനാശിനി തളിക്കാൻ

c) കതിർ നിരീക്ഷിക്കാൻ

d) കർഷകരുടെ ആരോഗ്യ സംരക്ഷണത്തിന്

5. ഡ്രോൺ ഉപയോഗിച്ചു കൊണ്ടുള്ള വിത പരീക്ഷണത്തിന്റെ ഗുണങ്ങളിൽ പെടാത്തത് ഏത്?

a) എല്ലാ പാടശേഖരങ്ങളിലും ഉപയോഗ പ്രദമാവില്ല

b) മണ്ണിലെ പുളിരസം ഇളക്കുന്നില്ല

c) കൃത്യമായ അകലത്തിൽ നെൽച്ചെടികൾ വളരും

d) വിത്ത് ചവിട്ടിത്താഴ്ത്തുന്നില്ല (5)

<u>പ്രവർത്തനം 2</u>

സ്കൂളിൽ ഒരു കാർഷികോത്സവം സംഘടിപ്പിക്കുക പരിപാടിയുടെ പ്രചാരത്തിനായി പോസ്റ്റർ തയ്യാറാക്കുക (5)

<u>പ്രവർത്തനം 3</u>

കൃഷിയുമായി ബന്ധപ്പെട്ട പലതരം നാടൻ പാട്ടുകൾ നിലവിലുണ്ട്. നാടൻ പാട്ടുകൾ പാടുന്ന കർഷകരുടെ സംഘം രൂപീകരിക്കുക അവരുടെ നാടൻപാട്ടുകൾ ശേഖരിച്ച് ഒരു പതിപ്പ് തയ്യാറാക്കുമ്പോൾ അതിന് വേണ്ട ആമുഖം എന്തായിരിക്കും ?അത് പുസ്തകത്തിന്റെ പുറംതാൾ കുറിപ്പ് രൂപത്തിൽ തയ്യാറാക്കൂ. നാടൻ പാട്ടിന്റെ ആ പതിപ്പിന് നല്ലൊരു പേരും നൽകണം. (5)

പ്രവർത്തനം 4

നിങ്ങളുടെ വിദ്യാലയത്തിൽ കൃഷിത്തോട്ടം ഉണ്ടാക്കാൻ പരിസ്ഥിതി ക്ലബ്ബ് തീരുമാനിച്ചു കുട്ടികൾ കൃഷിക്കാരായി മാറുന്ന ആ കാഴ്ചയുടെ അനുഭവ പത്ര റിപ്പോർട്ട് രൂപത്തിൽ തയ്യാറാക്കുക.

(5)

പ്രവർത്തനം 5

കുമ്മാട്ടി എന്ന ദേശോത്സവത്തെക്കുറിച്ച് വായിച്ചല്ലോ. എല്ലാ നാട്ടിലും ഇത്തരം പ്രാദേശിക കലാരൂപങ്ങളുണ്ട് നിങ്ങളുടെ നാട്ടിലെ ഒരു വിനോദ/ അനുഷ്ഠാന കലാരൂപത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക. (5)

പ്രവർത്തനം 6

"കാർഷിക വൃത്തിയിലെ പാരമ്പര്യ സങ്കല്പങ്ങളും ശാസ്ത്രീയതയും" എന്ന വിഷയത്തിൽ ഒരു പ്രസംഗം തയ്യാറാക്കുക.

(5)

*******************


ചോദ്യങ്ങൾ
തയ്യാറാക്കിയത്
ഡോ. ദിവ്യ എം
VBHSS, തൃശ്ശൂർ

# കൂടുതൽ മാതൃകാ ചോദ്യങ്ങൾ

സ്കോർ -5 വീതം

പ്രവർത്തനം- 1

താഴെ കാണുന്ന പദസൂര്യൻ ശ്രദ്ധിക്കൂ. ഇതിൽ കൃഷിയുമായി ബന്ധമില്ലാത്ത പദങ്ങൾ കണ്ടെത്തി അതിന് പകരം മറ്റു പദങ്ങൾ ചേർത്ത് പുതിയ പദസൂര്യൻ നിർമ്മിക്കൂ.




പ്രവർത്തനം- 2

"ഗ്രാമശ്രീകൾ"എന്ന കവിതയുടെ പ്രത്യേകതകൾ മനസ്സിലാക്കിയല്ലോ! വാക്കും അർത്ഥവും ശരിയായി യോജിപ്പിച്ച് പുതിയ പട്ടിക തയ്യാറാക്കുക.

| വാക്ക് | ആർത്ഥം |
|---|---|
| • ശ്രീ | • ചിത്രം |
| • കുന്തളബന്ധം | • ലോകം |
| • സന്തതം | • ഐശ്വര്യം |
| • വിശ്വം | • മുടിക്കെട്ട് |
| • ആലേഖ്യം | • എല്ലായ്പ്പോഴും |

## പ്രവർത്തനം- 3

കാർഷിക ദിനവുമായി ബന്ധപ്പെട്ട് നിങ്ങളുടെ നാട്ടിലെ ഒരു മുതിർന്ന കർഷകനെ ആദരിക്കുകയാണ്. ഈ ചടങ്ങിൻെറ കാര്യപരിപാടികൾ ഉൾപ്പെടുത്തി ഒരു നോട്ടീസ് തയ്യാറാക്കുക

## പ്രവർത്തനം- 4

കൃഷിയുടെ പ്രാധാന്യം പുതിയ തലമുറയിലേക്ക് എത്തിക്കാൻ നിങ്ങളുടെ സ്കൂളിലെ ഫിലിംക്ലബ്ബിൻെറ നേതൃത്വത്തിൽ ഒരു ഡോക്യുമെൻറി ചെയ്യുന്നു 7 മിനിറ്റ് ദൈർഘ്യമുള്ള ഒരു തിരക്കഥ തയ്യാറാക്കൂ. ഡോക്യുമെൻററിക്ക് ഒരു പേരും നൽകണം.

## പ്രവർത്തനം- 5

നിങ്ങളുടെ സ്കൂളിലെ പരിസ്ഥിതി ക്ലബ്ബ് നാട്ടിലെ വൃദ്ധനായ കർഷകൻെറ ഗൃഹസന്ദർശനം നടത്താൻ തീരുമാനിച്ചു നിങ്ങൾ അദ്ദേഹത്തോട് ചോദിക്കാൻ തയ്യാറാക്കുന്ന 5 ചോദ്യങ്ങൾ ഏതൊക്കെയായിരിക്കും

## പ്രവർത്തനം- 6

പാരമ്പര്യവിത്തിനങ്ങളുടെ സംരക്ഷകനായ ചെറുവയൽ രാമൻെറ ആത്മകഥയിലൊരു ഭാഗം നിങ്ങൾ പഠിച്ചല്ലോ. വിത്തുശേഖരണത്തിൽ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം? താഴെ തന്നിട്ടുള്ള സൂചനകൾ ഉപയോഗിച്ച് ഒരു കുറിപ്പ് തയ്യാറാക്കൂ.

(എൺപതുശതമാനം മൂപ്പ്, ആരോഗ്യമുള്ള നെന്മണികൾ, വെയിലത്തും മഞ്ഞത്തുമിട്ട്, ധാന്യമണികൾ, മധ്യത്തിൽ നിന്ന്, തനിമ, ഉത്തമം)

## പ്രവർത്തനം- 7

താഴെ തന്നിട്ടുള്ള കവിതാഭാഗം വായിച്ച് തുടർന്ന് ചോദിച്ചിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

"പൊന്നുഷസ്സിൻെറ കൊയ്ത്തിൽ നിന്നൂരി-
ച്ചിന്നിയ കതിർ ചുറ്റും കിടക്കെ
മേവി കൊയ്ത്തുകാർ പുഞ്ചയിൽ ഗ്രാമ
ജീവിതകഥാനാടക ഭൂവിൽ
കെട്ടിയ മുടി കച്ചയാൽ മൂടി
ചുറ്റിയ തുണി
ചായ്ച്ചൊന്നു കുത്തി
വെറ്റില ചവച്ചുന്മദമോളം

വെട്ടിടുമരിവാളുകളേന്തി

ഒന്നിച്ചാനമ്ര മെയ്യോടെ നിൽപ്പൂ

കന്നിപ്പാടത്തു കൊയ്ത്തുകാർ നീളെ

നൽപ്പുലർകാല പാടലവാനിൽ

ശുഭ്രമേഘപരമ്പര പോലെ"

(കന്നിക്കൊയ്ത്ത്-വൈലോപ്പിള്ളി)

1. "പൊന്നുഷസ്സ്"-എന്ന വാക്കിലെ "ഉഷസ്സ്" അർത്ഥമെന്ത്?
   a) പ്രഭാതം
   b) സായഹ്നം
   c) കതിര്
   d) ഉച്ച
2. പാടം എന്നർത്ഥത്തിൽ കവിതയിൽ ഉപയോഗിച്ചിരിക്കുന്ന പദം ഏതാണ്?
   a) വയൽ
   b) കതിർ
   c) പുഞ്ച
   d) കേദാരം
3. "ചായ്ച്ചൊന്നു കുത്തി"- എന്ത്?
   a) കെട്ടിയ മുടി
   b) ചുറ്റിയ തുണി
   c) വീശിയ വാൾ
   d) ചവച്ച വെറ്റില
4. കൊയ്ത്തുപാടത്ത് കൃഷിക്കാർ എങ്ങനെയാണ് നിൽക്കുന്നത്?
   a) കുനിഞ്ഞ ശരീരത്തോടെ
   b) ലജ്ജകൊണ്ട് തുടുത്ത മുഖത്തോടെ
   c) നിവർന്ന് നിരന്ന്
   d) ഒറ്റയ്ക്ക് അവിടവിടെയായി
5. കൊയ്ത്തുകാർ പാടത്തു നിൽക്കുന്നതിനെ കവി വർണ്ണിച്ചിരിക്കുന്നത് എങ്ങനെയാണ്?
   a) വർണ്ണപുഷ്പങ്ങൾ പോലെ
   b) പൂവല്ലികളുടെ കൂട്ടം പോലെ
   c) ഇരുട്ടിലെ നക്ഷത്രങ്ങൾ പോലെ

d) തെളിഞ്ഞ ആകാശത്ത് മേഘങ്ങൾ പോലെ

***********************************

ചോദ്യങ്ങൾ
തയ്യാറാക്കിയത്
ഡോ. ദിവ്യ എം
VBHSS, തൃശ്ശൂർ